# എറണാകുളം റൂറൽ ജില്ലാ പോലീസ് സ്വാതന്ത്ര ദിനാഘോഷം നടത്തി



രാജ്യത്തിന്റെ 73-മത് സ്വാതന്ത്ര ദിനാഘോഷത്തോടനുബന്ധിച്ച് 15.08.2019 തിയ്യതി രാവിലെ 09.00 മണിക്ക് എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഓഫീസ് അങ്കണത്തിൽ നടന്ന സ്വാതന്ത്ര ദിനാഘോഷത്തിൽ ജില്ലാ പോലീസ് മേധാവി ശ്രീ കെ.കാർത്തിക് IPS സല്യൂട്ട് സ്വീകരിച്ച് ദേശീയ പതാക ഉയർത്തി.

പരേഡ് കമാണ്ടർ ഡി എച്ച് ക്യൂ കളമശ്ശേരി സബ്ബ് ഇൻസ്പെക്ടർ എം.പി.വർഗ്ഗീസ് ആയിരുന്നു. അഡീഷണൽ എസ്.പി സോജൻ എം.ജെ, ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി ആർ.റാഫി, ജില്ലാ ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി കെ.എം.ജിജിമോൻ, ജില്ലാ ക്രൈം റെക്കോഡ്സ് ബ്യൂറോ ഡി.വൈ.എസ്.പി റെജി എബ്രഹാം.പി, നാർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി എം.ആർ.മധുബാബു, ആലുവ ഡി.വൈ.എസ്.പി ജി.വേണു, പെരുമ്പാവൂർ ഡി.വൈ.എസ്.പി കെ.ബിജുമോൻ, മൂവാറ്റുപുഴ ഡി.വൈ.എസ്.പി കെ.അനിൽകുമാർ എന്നിവരും മറ്റു 200 ഓളം പോലീസ് ഉദ്യോഗസ്ഥരും ജില്ലാ പോലീസ് ഓഫീസിലെ സ്റ്റാഫുകളും ചടങ്ങിൽ സംബന്ധിച്ചു.

സ്വാതന്ത്ര ദിനത്തിൽ സേനാംഗങ്ങളെ അതിസംബോധന ചെയ്ത് സംസാരിക്കവെ രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും കാത്ത് സൂക്ഷിക്കുന്നതിന് സേനാംഗങ്ങൾ ഡ്യൂട്ടിയിൽ കൂടുതൽ ജാഗ്രതയും ശ്രദ്ധയും പതിപ്പിക്കണമെന്നും അഭിപ്രായപ്പെട്ടു, കൂടാതെ ഇപ്പോൾ ജില്ല നേരിട്ട വെള്ളപ്പൊക്ക കെടുതിയിൽ വിശ്രമമില്ലാതെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കെടുത്ത സേനാംഗങ്ങളെ ജില്ലാ പോലീസ് മേധാവി അഭിനന്ദിക്കുകയും ചെയ്തു. .